"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ല - പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.വി. മത്തായിക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു. .

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.3274/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/12/2018

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 04.10.2017-ലെ ഡി1-35092/11 നമ്പർ നടപടിക്രമങ്ങൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 13.10.2017-ലെ ഡി1-35092/11 നമ്പർ കത്ത്

3 സർക്കാരിന്റെ 13.11.2017-ലെ 210/ഇപിബി3/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. കെ.വി. മത്തായി സമർപ്പിച്ച 13.01.2018-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 16.10.2018-ലെ ഡി11-35092/11 നമ്പർ കത്ത്

ഉത്തരവ്

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ പരിസ്ഥിതി ദുർബ്ബല പ്രദേശത്ത് സ്ഥിതി ചെയ്യുന്ന അത്താണി ക്വാറി & ക്രഷറിനെതിരെ ഗ്രാമസഭാ തീരുമാനം നിലനിൽക്കെ പ്രാദേശിക വാസികളായ 5 0 0 ഓളം പേർ ഒപ്പിട്ട സങ്കട ഹർജി പരിഗണിക്കാതെയും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അദ്ധ്യക്ഷനായ പഠന സമിതിയുടെ റിപ്പോർട്ടിന് വിപരീതമായും പഞ്ചായത്ത് ഭരണ സമിതി നിയോഗിച്ച സമിതിയുടെ പഠന റിപ്പോർട്ട് പരിശോധിക്കാതെയും, ഭരണ സമിതിയുടെ തീരുമാനം ഇല്ലാതെയും ഏകപക്ഷീയമായി പ്രലോഭനങ്ങൾക്ക് വഴങ്ങി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.കെ.വി.മത്തായി പ്രസ്തുത സ്ഥാപനത്തിന് ഡി & ഒ ലൈസൻസ് നല്കിയ ശേഷം അവധിയിൽ പ്രവേശിക്കുകയുണ്ടായിയെന്ന് കണ്ടെത്തുകയുണ്ടായി. 13.08.2008 മുതൽ 19.10.2011 വരെയുള്ള കാലയളവിൽ ശ്രീ. കെ.വി. മത്തായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കവെ റീ.സർവ്വേ നം.286-ൽപ്പെട്ട വസ്തുവിൽ പ്രവർത്തിക്കുന്ന അത്താണി ബ്രിക്സ് & മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2010-11 സാമ്പത്തിക വർഷം ശ്രീ. മാത്യു ജോസഫ്, മാനേജിംഗ് ഡയറക്ടർ, അത്താണി ബ്രിക്സ് & മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ബി4-34/10-11 നമ്പരായി ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചു നൽകി. 2009-10 വരെ ടി സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് ക്വാറി പ്രവർത്തിപ്പിക്കുന്നതിന് ശ്രീ. അബ്ദുൾ റഹീം എന്ന വ്യക്തിയ്ക്ക് അനുവദിച്ചിരുന്ന ലൈസൻസ് തൊട്ടടുത്ത വർഷം പേരു മാറ്റി മറ്റൊരു വ്യക്തിയുടെയോ, സ്ഥാപനത്തിന്റെയോ പേരിൽ മാറ്റി പുതുക്കി നൽകിയ സെക്രട്ടറിയുടെ നടപടി ചട്ടങ്ങൾ പാലിക്കാതെ നിയമവിരുദ്ധമാണെന്ന് കണ്ടെത്തുകയുണ്ടായി. ഉടമസ്ഥാവകാശം മാറ്റി ലൈസൻസ് അനുവദിക്കുമ്പോൾ കെ.പി.ആർ. ആക്ട് നിയമം 232, 236 എന്നീ വകുപ്പുകൾ പ്രകാരവും 1996-ലെ

കെ.പി.ആർ. (ആപത്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് മാത്രമേ ലൈസൻസ് അനുവദിക്കുവാൻ പാടുള്ളൂവെന്നിരിക്കെ നടപടിക്രമം പാലിക്കാതെയാണ് ഉടമസ്ഥാവകാശം മാറ്റി ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. 2011-12 വർഷത്തെ ലൈസൻസിനായി ശ്രീ. മാത്യു ജോസഫ് 17.10.2011-ൽ ഫ്രണ്ട് ഓഫീസിൽ സമർപ്പിച്ച അപേക്ഷ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന് നൽകാതെ സെക്രട്ടറി നേരിട്ട് റിപ്പോർട്ടെഴുതി കരിങ്കൽ ക്വാറി നടത്തുന്നതിന് 31.03.2012 വരെയും സ്റ്റോൺ ക്രഷർ യൂണിറ്റ് & ഹോളോ ബ്രിക്സ് നടത്തുന്നതിന് 01.04.2011 മുതൽ 31.03.2016 വരെ 19.10.2011-ൽ ലൈസൻസ് നൽകി 20.10.2011 മുതൽ അവധിയിൽ പ്രവേശിക്കുകയുമാണ് ചെയ്തതെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ. മത്തായിക്ക് പഞ്ചായത്ത് ഡയറക്ടർ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം തീർപ്പാക്കുകയും തുടർന്ന് സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) ശുപാർശയുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം ശ്രീ. മത്തായിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 10 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം ( 3 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ.വി. മത്തായി പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ.വി. മത്തായിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 1 0 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. കെ.വി. മത്തായിക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.വി. മത്തായിക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

(പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1), (2) എന്നിവയുടെ പകർപ്പും, കാരണം കാണിക്കൽ നോട്ടീസ്,

പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകളും സഹിതം)

2. ശ്രീ. കെ.വി. മത്തായി, മുൻ സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, വയനാട്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/210/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ